**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1812** — **08-02-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി സ്വിഫ്റ്റിന് പുതിയ ഇ-ബസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **ശ്രീ ആന്റണി രാജു (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി സ്വിഫ്റ്റിനായി പുതിയ ഇ-ബസ്സുകൾ വാങ്ങുന്നതിന് കോർപ്പറേഷൻ തീരുമാനിക്കുകയുണ്ടായോ; എങ്കിൽ എത്ര ബസ്സുകൾ ആണ് വാങ്ങാൻ ഉദ്ദേശിക്കുന്നത്; | (എ) | KIIFB ഒന്നാംഘട്ട ധന സഹായത്താൽ 9 മീറ്റർ നീളമുള്ള 50 ഇലക്ട്രിക് ബസ്സുകൾക്ക് വിതരണ ഉത്തരവ് നൽകിയതിൽ ലഭ്യമായ 40 ഇലക്ട്രിക് ബസ്സുകൾ തിരുവനന്തപുരം സിറ്റി ബസ് സർവീസുകൾക്ക് ഉപയോഗിക്കുന്നു. ടി വിതരണ ഉത്തരവ് നൽകിയതിൽ 10 ഇലക്ട്രിക് ബസ് കൂടി ഫെബ്രുവരി 2023-ൽ ലഭ്യമാകും. ടി ലഭ്യമായ തുകയുടെ ബാക്കി തുകയിൽ നിന്നും 170 ഇലക്ട്രിക് ബസുകൾ ലഭ്യമാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. സ്മാർട്ട്സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി 125 എണ്ണം 9 മീറ്റർ ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിനായി ദർഘാസ് ക്ഷണിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ KIIFB രണ്ടാം ഘട്ട ധന സഹായത്താൽ 225 ഇലക്ട്രിക് ബസുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പുതിയ ബസ്സുകൾ എത്തുന്നതോടുകൂടി സ്വിഫ്റ്റ് ബസുകളുടെ എണ്ണം എത്രയായി ഉയരും എന്ന് ഇനം തിരിച്ച് അറിയിക്കുമോ; | (ബി) | മേൽപ്രകാരം ബസ്സുകൾ ലഭ്യമായാൽ സ്വിഫ്റ്റ് ഇലക്ട്രിക് ബസുകളുടെ എണ്ണം 570 ആയി ഉയരും. കൂടാതെ 131 ഡീസൽ ബസുകൾക്കായി പർച്ചേസ് ഓർഡർ നൽകിയിട്ടുമുണ്ട് നിലവിലെ 116 ഡീസൽ ബസുകൾ ഉൾപ്പെടെ ആകെ സ്വിഫ്റ്റ് ഡീസൽ ബസുകളുടെ എണ്ണം 247 ആയി ഉയരും. |
| (സി) | നിലവിൽ വാങ്ങാൻ ഉദ്ദേശിക്കുന്ന ബസ്സുകൾ എല്ലാം ഒരേ മോഡലിലുള്ളവയാണോ; ഓരോതരം ബസ്സിനും വില എത്ര വീതം ആണെന്ന് അറിയിക്കുമോ; ഇതിനായി ആകെ എത്ര രൂപയാണ് സ്വിഫ്റ്റ് ചെലവാക്കാൻ ഉദ്ദേശിക്കുന്നത്; | (സി) | നിലവിൽ കിഫ്ബി ധനസഹായത്തോടെ വാങ്ങിയ 50 ഇലക്ട്രിക്ക് ബസ്സുകൾ 9 മീറ്റർ നീളമുള്ളതും ഇതിനായി ചെലവാകുന്ന തുക ആകെ Rs.46.22 കോടി ആണ് .<br><br>കിഫ്ബി ധനസഹായത്തിൽ നിന്ന് തുടർന്ന് വാങ്ങുന്ന ഇലക്ട്രിക്ക് ബസ്സുകൾ 120 എണ്ണം Non -AC 12 മീറ്റർ നീളമുള്ളവയും ഇതിനായി 126 കോടി രൂപയും 50 എണ്ണം 9 മീറ്റർ നീളത്തിലുള്ള Non-AC ബസ്സുകൾക്ക് 42.5 കോടി രൂപയുമായാണ് പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നത്.<br><br>സ്മാർട്ട് സിറ്റി പദ്ധതി വിഹിതമായ 103.74 കോടി രൂപ ഉപയോഗിച്ച് 9 മീറ്റർ Non AC 125 എണ്ണം ഇലക്ട്രിക്ക് |

<table>
<tr><td></td><td></td><td></td><td>ബസ്സുകൾ വാങ്ങുന്നതിനുള്ള ദർഘാസ് ക്ഷണിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>അടുത്ത ഘട്ടത്തിൽ കിഫ്ബി ധനസഹായത്തിൽ നിന്ന് വാങ്ങുന്ന 225 എണ്ണം 12 മീറ്റർ ഇലക്ട്രിക്ക് ബസ്സുകൾക്ക് 315 കോടി രൂപയുമാണ് പ്രൊപ്പോസൽ സമർപ്പിച്ചിരിയ്ക്കുന്നത്.</td></tr>
<tr><td>(ഡി)</td><td>കെ-സ്വിഫ്റ്റിന്റെ നിലവിലെ ആകെ ആസ്തിയും ആകെ കടവും എത്രവീതമാണ്; പുതുതായി ബസ്സുകൾ വാങ്ങുന്നതിനുള്ള പണം എപ്രകാരം കണ്ടെത്തുന്നതിനാണ് സ്വിഫ്റ്റ് ഉദ്ദേശിക്കുന്നത്;</td><td>(ഡി)</td><td>സ്വിഫ്റ്റിന്റെ നിലവിലെ ആസ്തി 56.75 കോടിയും, KIIFB ലോൺമുഖേന ബസുകൾ വാങ്ങിയ ഇനത്തിൽ 23.10 കോടി രൂപ കടവും ഉണ്ട്.<br><br>KIIFB യിൽ നിന്നും ലോൺ മുഖേന ആണ് സ്വിഫ്റ്റ് പുതിയതായി ബസ്സുകൾ വാങ്ങാനുദ്ദേശിക്കുന്നത്.</td></tr>
<tr><td>(ഇ)</td><td>കെ.എസ്.ആർ.ടി.സി യുടെയും കെ-സ്വിഫ്റ്റിന്റെയും നിലവിലെ ആകെ കടം എത്ര രൂപയാണ്;</td><td>(ഇ)</td><td>31/12/2022-ലെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ ആകെ വായ്പ ബാധ്യത 13053.70 കോടി രൂപയാണ്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(തുക കോടിയിൽ)<br><table><tr><td>കൺസോർഷ്യം വായ്പ</td><td>2973.86</td></tr><tr><td>കെ.ടി.ഡി.എഫ്.സി. വായ്പ</td><td>356.65</td></tr><tr><td>സർക്കാർ വായ്പ</td><td>9723.19</td></tr><tr><td>ആകെ</td><td>13053.70</td></tr></table><br>സ്വിഫ്റ്റിന്റെ നിലവിലെ ആസ്തി 56.75 കോടിയും, KIIFB ലോൺമുഖേന ബസുകൾ വാങ്ങിയ ഇനത്തിൽ 23.10 കോടി രൂപ കടവും ഉണ്ട്.</td></tr>
<tr><td>(എഫ്)</td><td>കെ-സ്വിഫ്റ്റ് കൂടുതൽ ബസ്സുകൾ വാങ്ങുകയും കൂടുതൽ റൂട്ടുകൾ ഏറ്റെടുക്കുകയും ചെയ്യുന്നതോടുകൂടി കെ.എസ്.ആർ.ടി.സി യിൽ അധികമാകുന്ന ബസ്സുകളെയും ജീവനക്കാരെയും മറ്റ് ആസ്തികളെയും ഏതുതരത്തിൽ ഉപയോഗപ്പെടുത്തുന്നതിനാണ് ആലോചിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?</td><td>(എഫ്)</td><td>കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ നിന്നും ബസ്സുകളും ക്രൂവും കെ.എസ്.ആർ.ടി.സി. ലീസിന് എടുത്താണ് സർവ്വീസ് നടത്തുന്നത്. യാതൊരു റൂട്ടുകളും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന് കെ.എസ്.ആർ.ടി.സി.യിൽ നിന്നും ഏറ്റെടുക്കാൻ ആവുന്നതല്ല.<br><br>കൂടുതൽ പുതിയ സ്വിഫ്റ്റ് ബസ്സുകൾ കെ.എസ്.ആർ.ടി.സി. ലീസിന് എടുക്കുമ്പോൾ നിലവിൽ കാലഹരണപ്പെടുന്ന പഴയ സൂപ്പർക്ലാസ് ബസ്സുകൾക്കായും മറ്റ് തെരഞ്ഞെടുക്കപ്പെട്ട സർവ്വീസുകൾക്കായുമാണ് ഉപയോഗിക്കുന്നത്. ഇത്തരത്തിൽ ഉപയോഗിക്കുമ്പോൾ അധികം വരുന്ന ഓർഡിനറി തുടങ്ങിയ ക്ലാസ് ബസ്സുകൾ കെ.എസ്.ആർ.ടി.സി ജീവനക്കാരെ ഉപയോഗിച്ച് എല്ലാ റൂട്ടിലും ജനാഭിലാഷം അനുസരിച്ചും സർവ്വീസുകൾ ആരംഭിക്കുന്നതിന് കഴിയും. ഒപ്പം കെ.എസ്.ആർ.ടി.സി.യുടെ നൂതന സംരംഭമായ ഗ്രാമവണ്ടി, ഫീഡർ സർവ്വീസുകൾ എന്നിവയ്ക്കായും</td></tr>
</table>

| | | | |
|---|---|---|---|
| | | | ഇത്തരത്തിൽ ബസ്സും ക്രൂവും ഉപയോഗപ്പെടുത്തി ദൈനംദിനം 6000 ബസ്സുകളും 10 കോടി വരുമാനവും എന്നതാണ് കെ.എസ്.ആർ.ടി.സി ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ